# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4237 13.12.2018-ൽ മറുപടിക്ക്

### കൈത്തറി നെയ്ത്ത് മേഖലയുടെ ശാക്തീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) കൈത്തറി നെയ്ത്ത് മേഖലയെ ശാക്തീകരിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) കൈത്തറി മേഖലയിലുണ്ടായിരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് ന്യായമായ വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പദ്ധതിയാണ് **സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി.** ഏകദേശം 4600-ഓളം നെയ്ത്തു തൊഴിലാളികളും അത്രത്തോളം അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്നു. അവർക്ക് സ്ഥിരവരുമാനവും, കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുകയും പൂട്ടികിടന്നിരുന്ന പല നെയ്ത്ത് സഹകരണസംഘങ്ങളും പ്രസ്തുത പദ്ധതിയിലൂടെ തുറന്നു പ്രവർത്തിപ്പിക്കുവാനും സാധിച്ചു. സ്കൂൾ യൂണിഫോം പദ്ധതി നിലവിൽ വന്നതിനുശേഷം ഏകദേശം 80 കോടിയിലധികം രൂപ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. നെയ്ത്തു തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങളും ഉയർന്ന കൂലിയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ആയി ഒരാഴ്ച പരമാവധി 1000/- രൂപ എന്ന നിരക്കിൽ കൂടുതലായി ലഭ്യമാക്കുന്നുണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയ്ക്കും തൊഴിലാളികൾക്കും ഒരു പുത്തൻ ഉണർവ് സമ്മാനിച്ചിരിക്കുകയാണ്.<br><br>തൊഴിൽ രഹിതരായ യുവജനങ്ങളെ കൈത്തറി നെയ്ത്ത് വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി **"യുവവീവ്"** പദ്ധതിയും |

നടപ്പിലാക്കി വരുന്നു. 18-40 നും മദ്ധ്യേ പ്രായമുള്ളവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 20 പേർ അടങ്ങുന്ന ബാച്ചുകളിലായി സൗജന്യ നെയ്ത്തുപരിശീലനം നൽകുകയും ആവശ്യമുള്ളവർക്ക് 5 വർഷം വരെ തൊഴിൽ സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുന്നു. 6 മാസകാലയളവിൽ ആദ്യ മൂന്ന് മാസം സ്റ്റൈപന്റോടു കൂടി പരിശീലനവും, തുടർന്നുള്ള മൂന്ന് മാസം സ്റ്റൈപന്റും വേതനവും നൽകി വരുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും ജോലി സ്ഥിരതയും ഉറപ്പുവരുത്തുന്നു.കോഴിക്കോട്,കൊല്ലം,കോട്ടയം, പാലക്കാട്, ഇടുക്കി, ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളിലായി 15 ബാച്ചുകളായി ആകെ 300 പേർക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കിയ **'ഒരു വീട്ടിൽ ഒരു തറി'** എന്ന പദ്ധതി പ്രകാരം, നെയ്ത്ത് അറിയാവുന്നതും എന്നാൽ തറികൾ ഇല്ലാത്തതും വീടിനോട് അനുബന്ധിച്ച് പണിശാല ഉള്ളതുമായ വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി സംഘങ്ങളിലെ പൊതുപണിശാലയിൽ പണിയെടുക്കുന്നതുമായ നെയ്ത്തുകാർക്കും ഒരു തറിയുടെ വിലയുടെ 75% തുക(പരമാവധി 40000/- രൂപ) സർക്കാർ ധനസഹായമായും ബാക്കി 25% തുക ഗുണഭോക്തൃ വിഹിതമായും വഹിക്കുന്ന രീതിയിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 2017-18 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിപ്രകാരം 279 വ്യക്തിഗത നെയ്ത്തുകാർക്കും കൈത്തറി നെയ്ത്ത് സംഘങ്ങളിലെ 43 നെയ്ത്തുകാർക്കും (ആകെ 322 നെയ്ത്തുകാർക്ക്) പുതിയ തറികൾ വാങ്ങുവാൻ 1,08,66,608 രൂപ സർക്കാർ ധനസഹായമായി നൽകിയിട്ടുണ്ട്. ഇതോടൊപ്പം കൈത്തറി ഉൽപന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി ജനങ്ങൾക്ക് നൽകാൻ കഴിയുന്ന തരത്തിൽ ഇതര നെയ്ത്ത് തൊഴിലാളികളെ ഉപയോഗപ്പെടുത്തി ആധുനിക ഡിസൈനിൽ ഹാന്റ്ക്സ് വഴി പ്രാവർത്തികമാക്കുന്ന പദ്ധതിയാണ് **'കൈത്തറി സുരക്ഷാ' പദ്ധതി**. കേരളത്തിലെ സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള ഗുണഭോക്താക്കളെ പങ്കാളികളാക്കി ക്രെഡിറ്റ് വിൽപ്പന സൗകര്യം മുഖേന പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) പാലക്കാട് ജില്ലയിൽ നിലവിൽ എത്ര കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം താലൂക്കടിസ്ഥാനത്തിൽ നൽകാമോ;

(ബി) പാലക്കാട് ജില്ലയിൽ 13 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | താലൂക്ക് | സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒറ്റപ്പാലം | 2 |
| 2 | പാലക്കാട് | 2 |
| 3 | ചിറ്റൂർ | 7 |
| 4 | ആലത്തൂർ | 2 |
| | **ആകെ** | **13** |

(സി) നിലവിൽ പൂട്ടിക്കിടക്കുന്ന കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങളുടെ എണ്ണം താലൂക്കടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ 16 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതമാണ്. അവയുടെ താലൂക്കടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | താലൂക്ക് | സംഘങ്ങളുടെ എണ്ണം |
|---|---|---|
| 1 | ഒറ്റപ്പാലം | 3 |
| 2 | പാലക്കാട് | 1 |
| 3 | ചിറ്റൂർ | 5 |
| 4 | ആലത്തൂർ | 5 |
| 5 | മണ്ണാർക്കാട് | 2 |
| | **ആകെ** | **16** |

(ഡി) പൂട്ടിക്കിടക്കുന്ന നെയ്ത്ത് തൊഴിലാളി സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ഡി) പാലക്കാട് ജില്ലയിലെ പൂട്ടിക്കിടക്കുന്ന 3 കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. രണ്ട് സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഒരു സംഘത്തിൽ ഭരണ സമിതിയുടെ കാലാവധി 2019 ജൂലൈ വരെയാണ്. സംഘത്തിന്റെ ജനറൽ ബോഡി വിളിച്ചുകൂട്ടി പുനരുദ്ധാരണ സാധ്യതകൾ ആരാഞ്ഞ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**